(ഡി) കാഷ്യർ തസ്തിക അനുവദിക്കാനുള്ള മാനദണ്ഡം എന്താണ്;

(ഇ) ഈ മാനദണ്ഡം ഏത് വർഷം മുതലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(എഫ്) ഉപഭോക്താക്കളുടെ വർദ്ധനവനുസരിച്ച് ഈ മാനദണ്ഡം പുന:പരിശോധിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1159 പേരെ നിയമിച്ചിട്ടുണ്ട്.

(സി) നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കാലാകാലങ്ങളിൽ തൊഴിലാളികളുമായി ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥകളാണ് മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ പുതിയ ഓഫീസുകൾ തുടങ്ങുമ്പോൾ അനുവദിക്കുന്ന തസ്തികയനുസരിച്ച് കാഷ്യർമാരെ നിയമിക്കും.

(ഇ) നിലവിലുള്ള കരാർ B.O.No. 1818/95 PS(Sd)2747/93 dt.11.9.95

അനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(എഫ്) നിലവിലുള്ള കരാറിലെ വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കുമ്പോൾ ഇവയും ചർച്ച ചെയ്യപ്പെടും.

160 (2538) വൈദ്യുതി ബോർഡിന്റെ ഇൻവാലിഡ് പെൻഷൻ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ ഇൻവാലിഡ് പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇൻവാലിഡ് പെൻഷൻ ലഭിക്കുന്ന ആളിന്റെ ആശ്രിതന് വൈദ്യുതി ബോർഡ് ജോലി നൽകുന്നുണ്ടോ;

(സി) ഇൻവാലിഡ് പെൻഷന് അർഹതയുള്ളവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമ്പ്രദായം സംസ്ഥാന സർക്കാരിന്റെ മറ്റ് ഏതെങ്കിലും വകുപ്പിൽ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ വൈദ്യുതി ബോർഡിൽ മാത്രം ഈ സംവിധാനം നിലവിൽ വന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) അർഹതയില്ലാത്ത പലരും ഈ ആനുകൂല്യം പ്രയോജനപ്പെടുത്തി പെൻഷൻ വാങ്ങുകയും മക്കൾക്ക് ജോലി നേടിക്കൊടുക്കുകയും ചെയ്ത് ഈ സംവിധാനം വ്യാപകമായി ദുരുപയോഗപ്പെടുത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനുമേൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബോർഡിലെ ഏതെങ്കിലും ജീവനക്കാരൻ ശാരീരികമായോ, മാനസികമായോ ആയ അസുഖംമൂലം ബോർഡിൽ തുടർന്നുള്ള സേവനത്തിന് യോഗ്യനല്ല എന്ന് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഇൻവാലിഡ് പെൻഷൻ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ബോർഡിന്റെ റെഗുലേഷൻ നോട്ടിഫിക്കേഷൻ നമ്പർ പി. എസ്.1/3146/85 തീയതി 29-4-85 പ്രകാരമാണ് നിലവിൽ വന്നത്. ബോർഡിന്റെ ജോലികൾ പ്രധാനമായും അപകടസാധ്യത കൂടിയവയായതിനാലാണ് ഈ വ്യവസ്ഥ നിലവിൽവന്നത്.

(ഇ) രണ്ടു സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഇതിൻമേൽ ബോർഡിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു.

161 (2539) വൈദ്യുതി വിതരണ രംഗത്ത് ജോലി ചെയ്തുവരുന്ന കോൺട്രാക്ട് ലൈൻ വർക്കേഴ്സ്

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്.സുപാൽ :
ശ്രീ. സത്യൻ മൊകേരി :
പ്രൊഫസർ മീനാക്ഷി തമ്പാൻ :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ രംഗത്ത് ജോലി ചെയ്തു വരുന്ന കോൺട്രാക്ട് ലൈൻ വർക്കേഴ്സ് എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ജോലി ചെയ്യവേ അപകടങ്ങളിൽപ്പെടുന്ന ഇത്തരം ജോലിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) സർവ്വീസിന്റെ അടിസ്ഥാനത്തിൽ ഇവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4839 പേർ

(ബി) കോൺട്രാക്ട് എഗ്രിമെന്റ് പ്രകാരമുള്ള തുക ബോർഡ് കോൺട്രാക്ടർക്ക് നൽകുന്നു. കോൺട്രാക്ടർമാരുടെ കീഴിലുള്ള ജോലിക്കാർ ആയതിനാൽ മറ്റ് കാര്യങ്ങൾക്ക് ബോർഡിന് ബാദ്ധ്യതയില്ല.

(സി) വർക്കുമെൻസ് കോമ്പൻസേറ്ററി ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നു. ഇവർക്ക് ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്ന കാര്യം ബോർഡ് പരിശോധിച്ചു വരുന്നു.

(ഡി) കരാർ തൊഴിലാളികളെ ബോർഡ് സർവ്വീസിൽ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

162 (2540) സഹകരണരംഗത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. ബാബു :

LIBRARY ARCHIVES Kerala Legislative Assembly